**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2433 17.08.2017 -ലെ മറുപടി

## വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക സംവിധാനം

<u>ചോദ്യം</u>

ശ്രീ.അടൂർ പ്രകാശ്

„ കെ.സി.ജോസഫ്

„ കെ.എസ്.ശബരീനാഥൻ

„ അനിൽ അക്കര

<u>മറുപടി</u>

മാത്യു ടി തോമസ്

ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | വൻകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ), ബി) & സി) | ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന DRIP പദ്ധതിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. കനാലുകളിലൂടെ സുഗമമായി ജലവിതരണം നടത്തുന്നതിനായി കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികളും അടിയന്തിര പുനരുദ്ധാരണ പ്രവർത്തികളും ഉൾപ്പെടുത്തി ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി കർമ്മ പദ്ധതി തയ്യാറാക്കുകയും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. പൂർത്തീകരിക്കാത്ത വൻകിട - ഇടത്തരം ജലസേചന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന പ്ലാനിങ്ങ് ബോർഡിന്റെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇടമലയാർ ഇറിഗേഷൻ പദ്ധതി സന്ദർശിക്കുകയും ആഗസ്റ്റ് 19,20 തീയതികളിൽ കാരാപ്പുഴ, ബാണാസുര സാഗർ പദ്ധതികൾ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | | |
| സി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**